# സഭാ സമാധാനം - ചില അർമ്മീനിയൻ ചിന്തകൾ

ഡോ. എം. കുര്യൻ തോമസ്

**അ**ർമ്മീനിയൻ അപ്പോസ്തോലിക സഭ എന്ന അർമ്മീനിയൻ ഓർത്തഡോക്സ് സഭയുടെ കത്തീഡ്രലാണ് ഹോളി എച്മിയാഡ്ചിൻ. *ഇമ്മാനുവേൽ അവരോഹണം ചെയ്തു* എന്നാണ് ഈ പദത്തിന്റെ അർത്ഥം. ദൈവകരങ്ങൾ ചൂണ്ടിക്കാട്ടിയ സ്ഥലത്താണ് അതിനുള്ളിലെ വി. ബലിപീഠം സ്ഥതിചെയ്യുന്നത് എന്ന് അർമ്മീനിയൻ സഭ വിശ്വസിക്കുന്നു. 2015 ഏപ്രിൽ 24-ന് അവിടെവെച്ചാണ് 1915-22 കാലത്ത് വംശഹത്യയ്ക്കു വിധേയരായ 15 ലക്ഷം അർമീനിയൻ വംശജരെ വിശുദ്ധരായി പ്രഖ്യാപിച്ചത്.

ഈ മഹാ സംഭവത്തോടനുബന്ധിച്ചു മറ്റൊരു സുപ്രധാന സംഭവവും അരങ്ങേറി. അന്ത്യോഖ്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയനും പൗരസ്ത്യ കാതോലിക്കാ പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയനും ഏപ്രിൽ 22-ന് അർമീനിയൻ സമയം വൈകിട്ട് ഏഴുമണിക്ക് അർമ്മീനിയൻ പ്രസിഡൻഷ്യൽ ഗസ്റ്റ്ഹൗസിൽ കൂടിക്കണ്ടു. 1965 -ലെ ആഡീസ് അബാബാ സമ്മേളനത്തിനു ശേഷം ഇരു സഭാതലവന്മാരും പരസ്പരം ആശ്ലേഷിച്ചത് ആ സമ്മേളനത്തിന് അര നൂറ്റാണ്ടു തികയുമ്പോഴാണ്. ആ സമാഗമം ചടങ്ങുകൾ അവസാനിച്ചു പിരിഞ്ഞ ഏപ്രിൽ 25 വരെ പലവട്ടം ആവർത്തിച്ചു. *മഞ്ഞുരുകൽ* എന്നു കേരള മാദ്ധ്യമങ്ങൾ പ്രാധാന്യത്തോടെ വിശേഷിപ്പിച്ച ഈ സുപ്രധാന സമാഗമത്തിന്റെ തുടർചലനങ്ങൾ മലങ്കരയിൽ മാത്രമല്ല, അന്തർദേശീയ സഭാ കൂട്ടയ്മകളിലും പ്രതിഫലിക്കും.

1970-കളിൽ ആരംഭിച്ച്, അത്യുന്നത നീതിന്യായ കോടതികൾ ഇടപെട്ടിട്ടും ഇന്നും വലിച്ചു നീട്ടിക്കൊണ്ടുപോകുന്ന മലങ്കര സഭാ തർക്കത്തിന്റെ അവസാനത്തിന്റെ ആരംഭമാണ് അർമ്മീനിയായിൽ സംഭവിച്ചത് എന്നു കരുതുന്ന ശുദ്ധാത്മാക്കളുണ്ട്. അത്രയുമൊന്നുമില്ലെങ്കിലും ഐക്യവും, അതുവഴി സമാധാനവും സ്ഥാപിതമാകാൻ അവസരമൊരുങ്ങി എന്നു വിശ്വസിക്കുന്ന ശുഭാപ്തി വിശ്വസികളുണ്ട്. അങ്ങിനെയെന്തെങ്കിലും സംഭവിച്ചാൽ തങ്ങളുടെ വയറ്റത്തടിക്കും എന്നു ദുഃഖിക്കുന്ന എട്ടുകാലി മമ്മൂഞ്ഞുമാരുമുണ്ട്. ഏതായാലും കേരള സമൂഹം മൊത്തത്തിൽ ശുഭപ്രതീക്ഷയോടെയാണ് ഈ സംഭവത്തെ വീക്ഷിക്കുന്നത്.

ഇരു സഭാതലവന്മാരുടേയും അർമ്മീനിയൻ സമാഗമത്തിന് മലങ്കരയിലും, അന്തർദേശീയ - വിശിഷ്യാ ഓറിയന്റൽ - സഭാ കൂട്ടായ്മയിലും സുപ്രധാനമായതും ആകുന്നതുമായ ചില മാനങ്ങളുണ്ട്. അവയിൽ മലങ്കരയുടെ ആഭ്യന്തര ഘടകങ്ങൾ ആദ്യം പരിശോധിക്കാം.

1. അന്ത്യോഖ്യാ പാത്രിയർക്കീസ് - പൗരസ്ത്യ കാതോലിക്കാ സമാഗമത്തിന് വേദിയായത് പലരും പ്രതീക്ഷിച്ചതുപോലെ അമേരിക്കയോ കേരളമോ ആയിരുന്നില്ല. അർമ്മീനിയാ ആയിരുന്നു. അതിനാൽ *ഇമ്മാനുവേൽ അവരോഹണം ചെയ്ത* ദേവാലയത്തിന്റെ പശ്ചാത്തലത്തിൽ നടന്ന ആ സമാഗമത്തിൻ കൈകടത്താൻ *...പാഴിരുളിൻ സേനാനിവഹത്തിനു...* സാധിച്ചില്ല.

2. അർമീനിയായുടെ സുപ്രീം കാതോലിക്കോസ് കരേക്കിൻ ദ്വിതീയന്റെ ക്ഷണപ്രകാരമാണ് ഇരു പിതാക്കന്മാരും അർമീനിയായിലെത്തിയത്. അതിനാൽ *അത് ഞമ്മളാണ്* എന്നു പറഞ്ഞ് വീമ്പടിക്കാൻ മദ്ധ്യസ്ഥർ, സമാധാനപ്രേമി എന്നൊക്കെ സ്വയം വാഴ്ത്തുന്ന എട്ടുകാലി മമ്മൂഞ്ഞുമാർക്ക് സാധിച്ചില്ല.

3. വലിപ്പച്ചെറുപ്പമില്ലാതെ ഇരുപിതാക്കന്മാരും ഹൃദയംഗമമായി ഇടപഴകുന്ന ചിത്രങ്ങൾ മാദ്ധ്യമങ്ങൾ തുടരെ പ്രസിദ്ധീകരിച്ചതോടെ, പാത്രിയർക്കീസ് *ഭീകരജീവി*യാണന്നു കാതോലിക്കായും, കാതോലിക്കാ *നികൃഷ്ടജീവി*യാണന്നു പാത്രിയർക്കീസും കരുതുന്നുയെന്ന ചിലരുടെ പ്രചാരണത്തിന്റെ പൊള്ളത്തരം മലയാളിക്കു മനസിലായി.

4. ചരിത്രപ്രധാന്യമുള്ള ഈ സമാഗമത്തിന് സാക്ഷ്യം വഹിച്ചത് അന്തർദേശീയ ക്രൈസ്തവ നേതൃത്വനിരയും അതിൽത്തന്നെ പ്രത്യേകമായും പരസ്പരം വി. കുർബാനബന്ധമുള്ള ഓറിയന്റൽ സഭാ തലവന്മാരുമാണ്. ഇനിയും ഈ സമസ്ഥാന സമാഗമത്തിന്റെ വാർത്തയെ വളച്ചൊടിക്കാനോ വെള്ളംചേർക്കാനോ സാദ്ധ്യമല്ല.

5. തടവിലാക്കപ്പെട്ട എറിട്രിയൻ പാത്രിയർക്കീസും, തൊട്ടുമുമ്പു വിശ്വാസത്തിനായി വധിക്കപ്പെട്ട എത്യോപ്യൻ യുവാക്കളെപ്പറ്റിയുള്ള ദുഃഖാചരണം മൂലം പങ്കെടുക്കാതിരുന്ന എത്യോപ്യൻ പാത്രിയർക്കീസും ഒഴികെയുള്ള അഞ്ച് ഓറിയന്റൽ സഭാ തലവന്മാരും (കോപ്ടിക് പോപ്പ്, അന്ത്യോഖ്യാ പാത്രിയർക്കീസ്, അർമ്മീനിയായിലേയും മലങ്കരയിലേയും സിസിലേയും കാതോലിക്കാമാർ എന്നിവർ) തുല്യസ്ഥാനികളായിരുന്ന് ഭാവിപദ്ധതികൾ ചർച്ച ചെയ്തപ്പോൾ തകർന്നുവീണത് നാലു പതിറ്റാണ്ടായി മലങ്കരയിൽ ഒരുവിഭാഗം പ്രചരിപ്പിച്ച *മൂപ്പിളമ* സിദ്ധാന്തത്തിന്റെ പൊള്ളത്തരമാണ്. കീഴ്സ്ഥാനികൾക്കും വിശ്വാസ ഐക്യമില്ലാത്ത സഭാ തലവന്മാർക്കും ഇത്തരം മീറ്റിംഗുകളിൽ പ്രവേശനമില്ലായിരുന്നു. അർമ്മീനിയൻ കാതോലിക്കായുടെ കീഴ്സ്ഥാനികളായ യെറുശലേമിലേയും ഇസ്താംബൂളിലേയും പാത്രിയർക്കീസുമാരെയും പ്രവേശിപ്പിച്ചില്ല. ഇതര കീഴ്സ്ഥാനികൾ ആരെങ്കിലും ചെന്നിരുന്നെങ്കിൽ അവരുടെ സ്ഥിതിയും മറിച്ചാകുമായിരുന്നില്ല.

6. പൊതുചടങ്ങുകളിൽ കൃത്യമായും *ആഡീസ് അബാബ പ്രോട്ടോക്കോൾ* അനുസരിച്ച് ക്രമീകരിച്ച ഇരിപ്പിടങ്ങൾ ഓറിയന്റൽ സഭകളിൽ *ആര് സിംഹാസനാരൂഢർ* എന്നു വ്യക്തമാക്കി.

7. മലങ്കരയിലെ ശാശ്വത സമാധാനത്തിനുള്ള മാർഗ്ഗങ്ങളുടെ പ്രായോഗിക ക്രിയാപദ്ധതിയെപ്പറ്റി ചർച്ചയൊന്നും അർമ്മീനിയായിൽ നടന്നില്ല. എങ്കിൽത്തന്നയും ഐക്യവും സമാധാനവുമാണ് തന്റെ ലക്ഷ്യം എന്ന പാത്രിയർക്കീസിന്റെ പ്രസ്ഥാവനയും അതിനെ സ്വാഗതം ചെയ്ത കാതോലിക്കായുടെ നടപടിയേയും സഹസഭാദ്ധ്യക്ഷന്മാർ സന്തോഷത്തോടെയും ആശ്വാസത്തോടെയുമാണ് സ്വീകരിച്ചത്. ഈ നിലപാടിൽനിന്നും ഇനി ആർക്കും പിന്മാറാനാവില്ല.

ഇനിയും അന്തർദേശീയ സഭാവേദികളിൽ ഇതിനുള്ള പ്രാധാന്യം പരിഗണിക്കാം. 1965-ലെ *ആഡീസ് അബാബ* സമ്മേളനത്തിനു ശേഷം ഓറിയന്റൽ സഭകളുടെ പൊതുവേദി ക്രമേണ നിലച്ചുപോയതിന്റെ മുഖ്യ കാരണങ്ങളിലൊന്ന് മലങ്കര സഭാതർക്കമായിരുന്നു. സാഹചര്യങ്ങൾ അനുകൂലമാകുകയും, പാത്രിയർക്കീസ്-കാതോലിക്കോസ് മഞ്ഞ് ഉരുകുകയും ചെയ്ത സാഹചര്യത്തിൽ ആസന്നഭാവിയിൽത്തന്നെ അത് പുനർജീവിച്ചേക്കും. പൗരസ്ത്യ കാതോലിക്കായും അന്ത്യോഖ്യാ പാത്രിയർക്കീസും വേദി പങ്കിടുമോ എന്ന ഭയംമൂലം ഒഴിവാക്കിയ പല പാൻ-ഓർത്തഡോക്സ് പരിപാടികളും മാറിയ സാഹചര്യത്തിൽ പുനഃരാരംഭിക്കും.

ഡൽഹിയിൽ വെച്ചു പ്രസിഡന്റ് പ്രണാബ് മുഖർജി നടത്തിയ പഴയ സെമിനാരി ദ്വിശതാബ്ദി സ്മാരക സ്റ്റാമ്പ് പ്രകാശനം, പ്രധാനമന്ത്രി നരേന്ദ്രമോഡിയുമായുള്ള കൂടിക്കാഴ്ച ഇവയ്ക്കു ശേഷം ഒരു ദിവസം താമസിച്ചാണ് പ. പിതാവും സംഘവും യെരവാനിലെത്തിയത്. അതിനാൽ ആദ്യദിനത്തിലെ ഗ്ലോബൽ ഫോറത്തിൽ പങ്കെടുക്കാൻ ഇന്ത്യൻ സംഘത്തിനു സാധിച്ചില്ല. രണ്ടാം ദിനംമുതൽ സജീവമായി പങ്കെടുത്ത പ. പിതാവിന് അർമ്മീനിയൻ സഭയും ഇതര ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാരും നൽകിയ സ്വീകരണവും, ആദരവും, ബഹുമതിയും ഇന്ത്യയുടെ ആത്മീയാചാര്യൻ ആരെന്നു ലോകക്രൈസ്തവ സമൂഹത്തിന് വ്യക്തമാക്കി. ഇന്ത്യയിൽ ഒരു കാതോലിക്കായെ ഉള്ളൂ എന്നും, അത് ആരെന്നും അസന്നിഗ്ദമായി വ്യക്തമാക്കുന്ന രീതിയിലായിരുന്നു അവരുടെ നടപടികൾ.

ബൈസന്റൈൻ സഭാദ്ധ്യക്ഷന്മാർ, മറാനൈറ്റ് പാത്രിയർക്കീസ് കർദ്ദിനാൾ മാർ ബുട്രോസ് അൽ-റാഹിയടക്കമുള്ള ഉന്നതതല റോമൻ കത്തോലിക്കാ പ്രതിനിധിസംഘം, അഖിലലോക സഭാ കൗൺസിൽ ജനറൽ സെക്രട്ടറി ഒലെവ് ഫ്യക്ക് ടിവൈറ്റ് തുടങ്ങിയവർ ഇതിനെല്ലാം സാക്ഷിയായി. അതിന്റെ അലയടികൾ താമസംവിനാ കേരളത്തിലും എത്തിച്ചേരും.

പക്ഷേ, ഈ ശുഭോദാർക്ക സാഹചര്യത്തിലും അപകടം മണക്കുന്നവരുണ്ട്. *ഇരുസഭാ വാദികളും* അവരുടെ മദ്ധ്യസ്ഥരും ദീർഘകാലാടിസ്ഥാനത്തിലെങ്കിലും ഐക്യത്തിനുള്ള ഈ അനുകൂല സാഹചര്യത്തെ ഇല്ലായ്മ ചെയ്യുവാൻ രാഷ്ട്രീയ തന്ത്രങ്ങൾ പയറ്റുമോ എന്ന് ഇവർ ഭയക്കുന്നു. വ്യാജവാർത്തകൾ, പ്രസ്ഥവനകൾ, അങ്ങേയറ്റം ചില സംഘർഷങ്ങൾ ... . ഇവയിൽ വ്യാജവാർത്താ പ്രചരണം ആരംഭിച്ച സ്ഥിതിയ്ക്കു ഇവരുടെ ഭയം അസ്ഥാനത്താണന്നു പറയാനാവില്ല.

എങ്കിലും ലക്ഷങ്ങൾക്കു ശുഭപ്രതീക്ഷ നൽകിയ, *നാലു ഭാഗത്തുമുള്ള ദൈവത്തിന്റെ സഭകളെ മേയിച്ചുഭരിക്കുന്നവരെ* സാക്ഷിയാക്കി, *ഇമ്മാനുവേൽ അവരോഹണം ചെയ്ത* സ്ഥലത്ത് നടന്ന ഈ സംഭവം അങ്ങിനെ ഫലശൂന്യമാകുമോ?

(*മാർത്തോമ്മൻ റ്റി. വി. ഓൺലൈൻ*, 2 മെയ് 2015)